## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3276 11.05.2017- ൽ മറുപടിക്ക്**

**"ചെറുകിട- ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നടപടി"**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>,, എൽദോസ് കുന്നപ്പിള്ളി<br>,, വി.ഡി.സതീശൻ<br>,, എം. വിൻസെന്റ് | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ചെറുകിട - ഇടത്തരം വ്യവസായങ്ങൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ; | എ) | സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുന്നതിന് സംരംഭകരെ സഹായിക്കുന്നതിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴി സാമ്പത്തിക സഹായം നൽകുന്നുണ്ട്. പുതിയ സംരംഭകർക്ക് ദിശാബോധം നൽകി അവരെ വ്യവസായികൾ എന്ന നിലയ്ക്ക് വളർത്തിയെടുക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, എമർജിംഗ് കേരള തുടങ്ങിയവ സംഘടിപ്പിക്കുകയും അതിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വിപണന സാദ്ധ്യത വർദ്ധിപ്പിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ സംസ്ഥാന തലങ്ങളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിക്കുന്നുമുണ്ട്.<br><br>സംസ്ഥാനത്ത് ഉടനീളമുള്ള വ്യവസായ സംരംഭകരും, റിസർച്ച്/സാങ്കേതിക സ്ഥാപനങ്ങളും തമ്മിൽ ശക്തമായ ഒരു ബന്ധം സ്ഥാപിച്ചുകൊണ്ട് വ്യവസായ മേഖലയിൽ നിലവിലുള്ള പല സാങ്കേതിക പ്രശ്നങ്ങൾക്കും പരിഹാരം |

| | | | |
|---|---|---|---|
| | | | കാണുക എന്നൊരു ലക്ഷ്യത്തിനായി "Industry-Varsity Linkage Scheme" എന്ന പുതിയ പദ്ധതി നടപ്പിലാക്കുന്നതിനായി 2017-2018 സാമ്പത്തിക വർഷത്തിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. 2017-2018 വർഷത്തിലേക്ക് ചെറുകിട ഇടത്തരം വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി 138.01 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നൂതന ആശയങ്ങളോടെയുള്ള പുതിയ ചെറുകിട സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി പ്രാരംഭ മൂലധനമായി 25 ലക്ഷം രൂപ വരെ വായ്പ നൽകുന്നു. |
| ബി) | ഈ സർക്കാരിന്റെ കാലത്ത് എത്ര യൂണിറ്റുകൾ ഈ രംഗത്ത് ആരംഭിക്കുവാൻ ലക്ഷ്യമിട്ടു എന്നും അവയിൽ എത്ര യൂണിറ്റുകൾ പ്രാവർത്തികമാക്കി എന്നും വെളിപ്പെടുത്തുമോ; | ബി) | 2016-17 സാമ്പത്തിക വർഷത്തിൽ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിൽ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടിരുന്നത് 15000 യൂണിറ്റുകളായിരുന്നു. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ ഈ മേഖലയിൽ 15,535 യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. |
| സി) | ചെറുകിട ഇടത്തരം വ്യവസായങ്ങൾ തുടങ്ങുന്നതിനും അവയെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വിവരിക്കുമോ? | സി) | 2017-2018 വർഷത്തിലേക്ക് ചെറുകിട ഇടത്തരം വ്യവസായങ്ങൾ സംരംക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി 138.01 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വ്യവസായവകുപ്പിന്റെ അധീനതയിലുള്ള വ്യവസായ ഏരിയ/പ്ലോട്ട് എന്നിവയിലെ സ്ഥലദൗർലഭ്യം കണക്കിലെടുത്ത് വേളി, ഷൊർണ്ണൂർ, പുന്നപ്ര, പുഴയ്ക്കൽപാടം (രണ്ടാം ഘട്ടം) എന്നിങ്ങനെ നാല് ബഹുനില വ്യവസായ എസ്റ്റേറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. സംരംഭകത്വ സഹായ പദ്ധതിയിലൂടെ 2016-2017 സാമ്പത്തിക വർഷത്തിൽ സ്റ്റാർട്ടപ് / ടെക്നിക്കൽ സബ്സിഡിയായി 98 എം.എസ്.എം.ഇ യൂണിറ്റുകൾക്കും ഇൻവെസ്റ്റ്മെന്റ് സപ്പോർട്ടായി 939 യൂണിറ്റുകൾക്കും സ്റ്റേറ്റ് ഇൻവെ |

| | | | |
|---|---|---|---|
| | | | സ്റ്റ്മെന്റ് സബ്സിഡിയായി 64 യൂണിറ്റുകൾക്കും കൂടി ആകെ 46.32 കോടി രൂപ അനുവദിച്ചു.<br><br>സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായും നിലവിലുള്ള സംരംഭകരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായിട്ടും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വിവിധ സംരംഭകത്വ പരിശീലന പരിപാടികൾ നടത്തുന്നതിനായി 88.25 ലക്ഷം രൂപ 14 ജില്ലകൾക്കും കൂടി നൽകിയിരുന്നു. പ്രസ്തുത പരിപാടികളുടെ ഭാഗമായി സംരംഭകത്വ വികസന പരിപാടി (ഇഡിപി), വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സംരംഭക ബോധവത്കരണ പരിപാടി, നിക്ഷേപ സംഗമങ്ങൾ (താലൂക്ക്, ജില്ലാതലം), ടെക്നോളജി ക്ലിനിക്ക് തുടങ്ങിയവ നടപ്പിലാക്കി.<br><br>സംരംഭകർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനും, അവർ നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടിയും 14 ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ രൂപീകരിച്ചിട്ടുണ്ട്.<br><br>സിംഗിൾ വിൻഡോ ക്ലിയറൻസ് സംവിധാനത്തിലൂടെ സംരംഭകന് ആവശ്യമായ മുഴുവൻ ലൈസൻസുകളും ജില്ലാ വ്യവസായ കേന്ദ്രം വഴി ലഭ്യമാക്കാൻ നടപടി സ്വീകരിക്കും. പഞ്ചായത്ത് വകുപ്പ് - മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ വകുപ്പുകളെ സമന്വയിപ്പിച്ച് വ്യവസായത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. നൂതന ആശയങ്ങളോടെയുള്ള പുതിയ ചെറുകിട സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി പ്രാരംഭ മൂലധനമായി 25 ലക്ഷം രൂപ വരെ വായ്പ നൽകുന്നു. |

**സെക്ഷൻ ഓഫീസർ**